80 (706) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കേണ്ടതുണ്ടെന്നു സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കഴിഞ്ഞ മൂന്നുവർഷമായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് മൊബൈൽ മാവേലിസ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നതെന്നു വെളിപ്പെടുത്തുമോ;

(ഡി) മൊബൈൽ മാവേലിസ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലേയ്ക്കാണ് മൊബൈൽ മാവേലിസ്റ്റോറുകൾ വ്യാപിപ്പിക്കാൻ പദ്ധതി ഇട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) മാവേലിസ്റ്റോറുകൾ മുഖേന 1997-98 വർഷത്തിൽ എത്ര ലക്ഷം രൂപയുടെ വിറ്റുവരവ് ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(എഫ്) മാവേലി സ്റ്റോറുകൾ വഴി 1998-99 വർഷത്തെ വിറ്റുവരവിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ എത്രയെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള മാവേലിസ്റ്റോറുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുകയും പൂട്ടിക്കിടന്നിരുന്ന 11 മാവേലിസ്റ്റോറുകൾ തുറന്നു പ്രവർത്തനം തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ തെരഞ്ഞെടുത്ത റേഷൻ കടകൾവഴി അവശ്യസാധനങ്ങൾ വിതരണം നടത്തുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 664 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നതിനു പുറമേ 2000 ത്തിലധികം തെരഞ്ഞെടുക്കപ്പെട്ട റേഷൻകടകൾവഴി അവശ്യസാധനങ്ങൾ വിതരണം നടത്തിവരുന്നുണ്ട്. ഒരു പുതിയ സംരംഭമെന്ന നിലയിൽ 8 മാവേലി മെഡിക്കൽ സ്റ്റോറുകൾ തുറന്നു പ്രവർത്തനം ആരംഭിച്ചു. കൂടുതലായി 25 മാവേലി മെഡിക്കൽ സ്റ്റോറുകൾ തുറന്നു പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ അതിവേഗം പൂർത്തിയായിവരുന്നു. പഴവങ്ങാടി, മൂവാറ്റുപുഴ, തിരുവല്ല, ചങ്ങനാശ്ശേരി, വടക്കൻ പറവൂർ എന്നീ സ്ഥലങ്ങളിൽ 5 പുതിയ സൂപ്പർ മാർക്കറ്റുകൾ ഈ കാലഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ചു. പത്തനംതിട്ടയിൽ ഒരു പുതിയ സൂപ്പർ മാർക്കറ്റിന്റെ പണി ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിനുപുറമേ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഒരെണ്ണമെങ്കിലും തുടങ്ങുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആദ്യപടിയായി, നിയോജകമണ്ഡലാടിസ്ഥാനത്തിൽ 126 പുതിയ മാവേലിസ്റ്റോറുകൾ ഈ വർഷംതന്നെ തുടങ്ങുന്നതാണ്.

(സി) സംസ്ഥാനത്ത് ഒട്ടാകെ 21 മൊബൈൽ മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നു. അവയുടെ വിവരം താഴെ പറയുന്നു.

തിരുവനന്തപുരം	–	1
നെടുമങ്ങാട്	–	1
തൊടുപുഴ	–	1
മൂന്നാർ	–	1
പീരുമേട്	–	1
എറണാകുളം	–	2
വടക്കൻ പറവൂർ	–	1
ചേർത്തല	–	1
പാലക്കാട്	–	1
മഞ്ചേരി	–	1
തിരൂർ	–	1
മണ്ണാർക്കാട്	–	1
കോഴിക്കോട്	–	2
കൊയിലാണ്ടി	–	1
കണ്ണൂർ	–	1
കൽപ്പറ്റ	–	2
മാനന്തവാടി	–	1
സുൽത്താൻബത്തേരി	–	1

(ഡി) തൽക്കാലം ഉദ്ദേശമില്ല.

(ഇ)&(എഫ്) മാവേലിസ്റ്റോറുകൾ മുഖേന 1997-98 വർഷത്തിൽ 93.32 കോടി രൂപയുടേയും 1998-99 വർഷത്തിൽ 136.27 കോടി രൂപയുടേയും വിറ്റു വരവുണ്ടായിട്ടുണ്ട്.

81 (707) മണ്ണെണ്ണ പെർമിറ്റ് നൽകാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് മണ്ണെണ്ണ പെർമിറ്റ് അധികമായി നൽകി എന്നും ഇപ്പോൾ ആകെ എത്രപേർക്കാണ് ഗാർഹിക പെർമിറ്റ് ഉള്ളതെന്നും വെളിപ്പെടുത്തുമോ;

(ബി) ഇനി എത്രപേർക്കാണ് അധികമായി മണ്ണെണ്ണ പെർമിറ്റ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും അത് എന്നേയ്ക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly